## പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **07.06.2018-ന് മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 1400**

## ദേവികുളം നിയോജകമണ്ഡലത്തിലെ പൊതുവിദ്യാലയങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതുമായി ബന്ധപ്പെട്ട് ദേവികുളം നിയോജകമണ്ഡലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | പൊതു വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ആദ്യഘട്ടത്തിൽ ഒരു നിയോജകമണ്ഡലത്തിൽ ഒരു സ്കൂളിനെ മാത്രമാണ് തെരഞ്ഞെടുത്തിരിക്കുന്നത്. അതിന്റെ ഭാഗമായി ദേവികുളം നിയോജകമണ്ഡലത്തിൽ നിന്നും കിഫ്ബിയുടെ അഞ്ചുകോടി രൂപ ധനസഹായത്തോടെ മികവിന്റെ കേന്ദ്രമാക്കുന്നതിന് കുഞ്ചിത്തണ്ണി ഗവ.എച്ച്.എസ്.എസ്. എന്ന സ്കൂളിന് 5.80 കോടി രൂപയുടെ (അഞ്ചുകോടി എൺപത് ലക്ഷം രൂപ മാത്രം) ഭരണാനുമതിയും അഞ്ചുകോടി രൂപയുടെ കിഫ്ബി ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനത്തിന്റെ എസ്.പി.വി. ആയി കൈറ്റിനെയും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി WAPCOS എന്ന അംഗീകൃത കമ്പനിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ടെൻഡർ നടപടിക്രമങ്ങളിലൂടെ കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കിഫ്ബിയുടെ മൂന്നുകോടി രൂപ പദ്ധതിയിൽ ജി.എച്ച്.എസ്. അടിമാലി എന്ന സ്കൂളിനെ തെരഞ്ഞെടുത്ത് കിഫ്ബി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഒരുകോടി രൂപയുടെ പദ്ധതിയിൽ ജി.യു.പി. സ്കൂൾ തേക്കുപാറ എന്ന സ്കൂളിന് സർക്കാർ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നുണ്ട്. അതിനായി ദേവികുളം മണ്ഡലത്തിലെ 49 സ്കൂളുകളിലെ 270 ക്ലാസ് മുറികളിൽ 260 ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിനായി ഉപകരണ വിതരണം ഇതിനോടകം പൂർത്തിയാക്കിയിട്ടുണ്ട്. |

Namitha
സെക്ഷൻ ഓഫീസർ